പദ്ധതി പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യാൻ സംവിധാനം

12 (3748) ശ്രീ. കെ. ബാബു :
ശ്രീ. എൻ. ശക്തൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : .താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതി പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നതിനും പോരായ്മകളും വീഴ്ചകളും അപ്പപ്പോൾ പരിഹരിക്കുന്നതിനും ജില്ലാ തലത്തിലും ഡിപ്പാർട്ടുമെന്റ് തലത്തിലും എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സംവിധാനത്തിന്റെ പ്രവർത്തനരീതി എപ്രകാരമെന്ന് വിശദീകരിക്കുമോ ;

(സി) ഈ സംവിധാനം ഇല്ലാത്തപക്ഷം അതിന് രൂപം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ആസൂത്രണ കമ്മീഷനും സംസ്ഥാന ഗവൺമെന്റും ആലോചിച്ച് പദ്ധതി നിർവ്വഹണത്തിൽ ഓരോ മാസവും കൈവരിക്കേണ്ട ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി വർഷത്തിന്റെ ഒന്നാം പാദത്തിൽ ആകെ പദ്ധതി അടങ്കലിന്റെ 15 ശതമാനവും രണ്ടാം പാദത്തിൽ 25 ശതമാനവും, മൂന്നും നാലും പാദങ്ങളിൽ 30 ശതമാനവും വീതമായിട്ടാണ് ലക്ഷ്യം നിർണ്ണയിച്ചിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിലെ അവലോകനം ഓരോ മാസവും വകുപ്പുതലത്തിൽ നടക്കാറുണ്ട്. സർക്കാർതലത്തിൽ വിവരങ്ങൾ ക്രോഡീകരിച്ചു നൽകുവാൻ സെൻട്രൽ പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു.

ചീഫ് സെക്രട്ടറിതലത്തിൽ ഓരോ മാസവും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും വിദേശസഹായമുള്ള പദ്ധതികളുടെയും പുരോഗതി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ വർഷത്തിൽ മൂന്നുപ്രാവശ്യം അവലോകനം ചെയ്യുന്നു.

മുഖ്യമന്ത്രി തലത്തിൽ സാധാരണയായി വകുപ്പുതലവന്മാരുമായും വകുപ്പ് അദ്ധ്യക്ഷൻമാരുമായും പദ്ധതി പുരോഗതി അവലോകനം നടത്താറുണ്ട്. കൂടാതെ ആസൂത്രണ കമ്മീഷൻ പദ്ധതി പുരോഗതിയുടെ ത്രൈമാസ അവലോകനം ചെയ്യാറുണ്ട്.

സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാൻ വേണ്ടി ഈ വർഷം ചില പ്രത്യേക നടപടികൾ കൈക്കൊള്ളുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

1. എല്ലാ പദ്ധതികൾക്കും ഭരണാനുമതി ആഗസ്റ്റ് 31-നു മുമ്പ് പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

2. കമ്പ്യൂട്ടറൈസ്ഡ് മോണിറ്ററിംഗ് നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു. ഇതുവരുന്ന രണ്ടു വർഷം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

3. അടിസ്ഥാന പരിഷ്ക്കരണമെന്ന നിലയിൽ ഘട്ടം ഘട്ടമായി റിസൾട്ട് ബേയ്സ്ഡ് പ്ലാനിംഗ് സിസ്റ്റത്തിലേക്ക് മാറുവാൻ ഉദ്ദേശിക്കുന്നു. പദ്ധതി രൂപീകരണ സമയത്തുതന്നെ ഔട്ട്പുട്ട് ഇന്റിക്കേറ്റർ നിർണ്ണയിക്കാനുള്ള സംവിധാനം നടപ്പിലാക്കുന്നതും പ്രസ്തുത അനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ പരിപാടി എല്ലാ വകുപ്പുകളിലും നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു.

ജില്ലാതലത്തിൽ സംസ്ഥാനതല പദ്ധതികളുടെ അവലോകനം എല്ലാ മാസവും ജില്ലാ വികസന സമിതിയോഗങ്ങളിൽ നടത്തിവരാറുണ്ട്. ജില്ലാതലത്തിൽ പദ്ധതി വിവരങ്ങൾ ക്രോഡീകരിച്ചു നൽകുന്നത് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിന്റെ ജില്ലാ ഓഫീസാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഒരു പ്രത്യേക അവലോകന കമ്മിറ്റി വഴി നടപ്പാക്കിവരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ജനകീയാസൂത്രണം/ഡച്ച് ഗവൺമെന്റിൽ നിന്ന് പണം വാങ്ങിയെന്ന ആരോപണം

13 (3749) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തോടനുബന്ധിച്ച് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഉപ സംഘടനയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ എന്നിവ ഡച്ച് ഗവൺമെന്റിൽ നിന്നും പണം വാങ്ങിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു തുക വാങ്ങി ;

(സി) അത് എന്തിനെല്ലാം വേണ്ടി വിനിയോഗിച്ചു ;

(ഡി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ അതേപ്പറ്റി അന്വേഷിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനകീയാസൂത്രണത്തോട് അനുബന്ധിച്ച് ഡച്ച് (നെതർലാന്റ്സ്) ഗവൺമെന്റിൽനിന്ന് പണം വാങ്ങിയിട്ടില്ല. എന്നാൽ ജനകീയാസൂത്രണത്തെപ്പറ്റി പഠിക്കുന്നതിനും അതിന്റെ നടത്തിപ്പിനെ വിലയിരുത്തുവാനും വേണ്ടിയുള്ള Kerala Research Programme on Local Level

LIBRARY ARCHIVES Kerala Legislative Assembly